(Pages : 4) **P – 5077**

**Reg. No. : .............................**

**Name : ..................................**

## Second Semester M.A. Degree Examination, September 2022

## Malayalam Language and Literature

## ML 221 : ആധുനികസാഹിത്യം - ഗദ്യം

## (2019 Admission Onwards)

Time : 3 Hours Max. Marks : 75

I. ഓരോ ചോദ്യത്തിനും **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) ''..... കല്യാണ നിശ്ചയവും ഒക്കെ കഴിഞ്ഞിട്ടെന്നു വച്ചാൽ-
നിലാവുദിക്കും വരെ പന്നി നില്ലുകില്ല'' - സന്ദർഭവും ആശയവും എഴുതുക.

അല്ലെങ്കിൽ

(b) ''വല്യ സുകൃതമാ കുടുംബത്തിനുണ്ടാക്കുന്നത്.'' ഒരു പാവപ്പെട്ട പെങ്കൊച്ചിനെ കെട്ടിക്കൊണ്ടുവന്നിട്ട് അതിന്റെ കണ്ണീരുവീണു സുകൃതം കുന്നുകുന്നായി പെരുകുവാ'' ഇങ്ങനെ പറയാനുള്ള സാഹചര്യമെന്ത്?

2. (a) 'കൂനിയുടെ ചികിത്സ' എന്ന കഥയിലെ ഫലിതപരിഹാസം ലക്ഷ്യം വെയ്ക്കുന്നത് ഏതുതരം മനുഷ്യരെയാണ്?

അല്ലെങ്കിൽ

(b) ചെറുകഥയുടെ സവിശേഷതകൾ എന്തെല്ലാമാണ്?

3. (a) 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകത്തിന് ബൈബിൾ പ്രമേയം നൽകുന്ന അർത്ഥസാധ്യതകൾ എത്രത്തോളമാണ് - പരിശോധിക്കുക.

അല്ലെങ്കിൽ

(b) 'മലയാളത്തിലെ ഇബ്സൻ' എന്ന് എൻ. കൃഷ്ണപിള്ളയെ വിശേഷിപ്പിക്കുന്നതിലെ യുക്തി എന്താണ്?

P.T.O.

gcwcentrallibrary.in

4. (a) ''പുത്തിയുണ്ടമ്മോമാ - പുത്തിയുമുണ്ട്. പുത്തിപെറ്റ് നാലഞ്ചുമക്കളുമായി'' - ഇവിടെ പ്രതിഫലിക്കുന്ന സാമൂഹികാന്തരീക്ഷം എങ്ങനെയുള്ളതാണ്?

അല്ലെങ്കിൽ

(b) ''എന്റെ കാര്യമാണ്. നിശ്ചയിക്കാൻ എനിക്കും അവകാശമുണ്ട്'' എന്ന രമണിയുടെ വാക്കുകളിലെ പ്രതിഷേധധ്വനി എന്താണ്?

5. (a) കേസരി എ. ബാലകൃഷ്ണപിള്ളയ്ക്ക് സാഹിത്യഅക്കാദമിയുടെ പാരിതോഷികം നൽകിയ സംഭവം മുണ്ടശ്ശേരി അനുസ്മരിക്കുന്നതെങ്ങനെയാണ്?

അല്ലെങ്കിൽ

(b) ആത്മകഥകൾ കാലഘട്ടത്തിന്റെ ചരിത്രരേഖകളാകാറുണ്ടോ? - വ്യക്തമാക്കുക.

6. (a) സഞ്ചാരസാഹിത്യം സാംസ്കാരികമായ വീക്ഷണങ്ങളാൽ സമ്പന്നമാണ് - ശരിയോ?

അല്ലെങ്കിൽ

(b) മലയാളസഞ്ചാരസാഹിത്യത്തിലെ യാത്രാകാവ്യങ്ങളെക്കുറിച്ച് എഴുതുക.

7. (a) ഏ.ആർ. രാജരാജവർമ്മയുമായുള്ള ഗുരുശിഷ്യബന്ധത്തെ സാഹിത്യപഞ്ചാനനൻ എന്ന ജീവചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് എപ്രകാരമാണ്?

അല്ലെങ്കിൽ

(b) ആത്മകഥകളും ജീവചരിത്രവും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ എന്തെല്ലാമാണ്?

**(7 × 3 = 21 Marks)**

II. ഓരോ ചോദ്യത്തിനും **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) 'ഇന്ദുലേഖാമാധവന്മാരിലൂടെ പുതിയൊരു കേരളത്തെ ഭാവന ചെയ്യുകയായിരുന്നു ചന്തുമേനോൻ' - വിലയിരുത്തുക.

അല്ലെങ്കിൽ

(b) നോവലുകൾ ജനകീയവും മതാതീതവുമായ പൊതുമണ്ഡലത്തെ സൃഷ്ടിക്കുന്നതിൽ മുഖ്യപങ്കുവഹിച്ചതെങ്ങനെയാണ്?

gcwcentrallibrary.in

9. (a) 'ബലാബലം' എന്ന നാടകത്തിലെ ലക്ഷ്മി അമ്മ അസാമാന്യമിടുക്കോടെ സൃഷ്ടിക്കപ്പെട്ട കഥാപാത്രമാണ് - ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) ഇച്ഛാശക്തി അധികാരമോഹമായി മാറുന്നതാണ് ബലാബലം എന്ന നാടകത്തിന്റെ അടിത്തറ - ശരിയോ? സ്വമതം സ്ഥാപിക്കുക.

10. (a) നവോത്ഥാനകാല ചെറുകഥകളുടെ സവിശേഷതകൾ കാരൂർ, ലളിതാംബിക അന്തർജ്ജനം, ഉറൂബ്, കേശവദേവ് എന്നിവരുടെ കഥകളിൽ പ്രകടമാകുന്നതെങ്ങനെയാണ്? വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) ജീവിതത്തെയും മനുഷ്യനെയും കുറിച്ച് സവിശേഷമായ സമീപനം പുലർത്തുന്നയാളാണ് ഉറൂബ് - 'മൂടൽമഞ്ഞ്' എന്ന കഥയെ അടിസ്ഥാനമാക്കി വിശദമാക്കുക.

11. (a) പ്രണയത്തിന്റെ അസാധാരണ മുഖമാണ് 'ബാല്യകാലസഖി'യിലുള്ളത് - വിശദീകരിക്കുക.

അല്ലെങ്കിൽ

(b) തിരുവിതാംകൂറിന്റെ രാഷ്ട്രീയ പരിണാമങ്ങൾ 'ഏണിപ്പടികൾ' എന്ന നോവലിൽ പ്രതിഫലിക്കുന്നതെപ്രകാരമാണ്?

12. (a) മലയാളസാഹിത്യത്തിന്റെ അതിപ്രധാനമായ ഒരു ഘട്ടത്തിന്റെ ചരിത്രം കൂടിയാണ് 'സാഹിത്യപഞ്ചാനനൻ' എന്ന ജീവചരിത്രം - സമർത്ഥിക്കുക.

അല്ലെങ്കിൽ

(b) 'ചരിത്രത്തെയും കലയേയും അനുരഞ്ജിപ്പിച്ചുകൊണ്ടുള്ളതാവണം നല്ല ജീവചരിത്ര കൃതികൾ' - ഈ പ്രസ്താവനയുടെ യുക്തിയെന്ത്?

**(5 × 6 = 30 Marks)**

III. ഓരോ ചോദ്യത്തിനും **അഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) മലയാളനോവലിലെ രണ്ടുമുഖ്യധാരകളുടെ തുടക്കക്കാരാണ് ചന്തുമേനോനും സി.വി. രാമൻ പിള്ളയും. - ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) സി.വി. യുടെ ചരിത്രനോവലുകളുടെ ആഖ്യാനസവിശേഷതകൾ വിവരിക്കുക.

14. (a) ലളിതാംബിക അന്തർജ്ജനത്തിന്റെയും കെ. സരസ്വതിയമ്മയുടെയും രചനകളിലെ സ്ത്രീപക്ഷനിലപാടുകൾ താരതമ്യം ചെയ്യുക.

അല്ലെങ്കിൽ

(b) ആദ്യകാല ചെറുകഥകളിലെയും നവോത്ഥാനകാല ചെറുകഥകളിലെയും ഭാവുകത്വപരമായ പരിണാമങ്ങൾ വ്യക്തമാക്കുക.

15. (a) 'ഭാവാവിഷ്കാരത്തിലും രൂപശില്പത്തിലും തത്വചിന്താപരതയിലും 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകം മികവു പുലർത്തുന്നു' - ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) മലയാളനാടകചരിത്രം സംഗ്രഹിക്കുക.

gcwcentrallibrary.in

**(3 × 8 = 24 Marks)**

(Pages : 4) **P – 5078**

**Reg. No. : .............................**

**Name : ..................................**

## Second Semester M.A. Degree Examination, September 2022

## Malayalam Language and Literature

## ML 222 : ആധുനികസാഹിത്യം - പദ്യം

## (2019 Admission Onwards)

Time : 3 Hours Max. Marks : 75

I. ഈ **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) മുക്തകത്തെ നിർവ്വചിച്ച് അതിന്റെ സ്വരൂപം വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) 'മൂടില്ലാത്തൊരു മുണ്ടുകൊണ്ടു മുടിയും മൂടീട്ട്' - എന്നാരംഭിക്കുന്ന മുക്തകത്തിന്റെ സവിശേഷതകൾ വിവരിക്കുക.

2. (a) ''അറിയപ്പെടുമിതുവേറ-
ല്ലറിവായീടും തിരഞ്ഞിടുന്നേരം
അറിവിതിലൊന്നായതുകൊ-
ണ്ടറിവല്ലാതെങ്ങുമില്ല വേറൊന്നും'' - വ്യാഖ്യാനിക്കുക.

അല്ലെങ്കിൽ

(b) ''ജാതിഹീനൻ നീ പറയനല്ലോ
ജാതിയിൽ മുൻപൻ ഞാൻ ബ്രാഹ്മണനും
ഓതിയാലപ്പോൾ നീ ഓടണ്ടേ, മാറണ്ടെ
നീതി കൈകൂപ്പണ്ടേ?'' - ആശയം വിശദമാക്കുക.

**P.T.O.**

gcwcentrallibrary.in

3. (a) ഇഷ്ടപ്രാണേശ്വരിയുടെ വിയോഗത്തിനാലും നരേന്ദ്ര-
ദ്വിഷ്ടത്വത്താലൊരുവനുളവാം മാനനഷ്ടത്തിനാലും
കഷ്ടപ്പെട്ടപ്പുരുഷനൊരു നാലഞ്ചുകൊല്ലം കഴിച്ചാൻ
ദിഷ്ടക്കേടാൽ വരുവതു പരീഹാരമില്ലാത്തതല്ലോ - സന്ദർഭവും ആശയവും വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) ആ മട്ടാളും കഠോരപ്രകൃതിനടനയിൽ പാട്ടുകാരൻ കണക്കെ-
ക്കൂമൻ മൂളുന്നു, കൂകുന്നിതു ചിറകടിയോടൊത്തു കുറ്റിച്ചുലാനും,
പ്രേമം, വിഭ്രാന്തി, താപം, ഭയമിവയിലലിഞ്ഞാകവേ രക്തനാഡീ-
സ്തോമം സ്തംഭിയ്ക്കയാലക്കഥകളവനറിഞ്ഞി, ല്ലതേ നല്ലതായീ.
- വിശദീകരിക്കുക.

4. (a) 'ശാന്തവീചിയതിൽ വീചിപോലെ സം-
ക്രാന്തഹസ്തമുടൽ ചേർന്നു തങ്ങളിൽ,
കാന്തനാദമൊടുനാദമെന്നപോൽ
കാന്തിയോടപരകാന്തിപോലെയും' - ആശയവും കാവ്യഭംഗിയും വിശദമാക്കുക.

അല്ലെങ്കിൽ

(b) ''ഈശങ്കലായവൾക്കുള്ള രതിഭാവം
പേശലശുഭ്രമാം പ്രേമരൂപം-
ഉള്ളിൽ നിറഞ്ഞു വഴിഞ്ഞു പുറത്തേക്കു
തള്ളിയൊഴുകി, തൽക്കണ്ണിലൂടെ'' - സന്ദർഭവും ആശയവും വ്യക്തമാക്കുക.

5. (a) നാണിച്ചു പോകുന്നു, നീളൻ കുടച്ചൂടി
ഞാനീവരമ്പിൻകൊതുമ്പിൽ നിൽക്കെ,
ഏതൊരു വിശ്വവിദ്യാലയത്തിങ്കലെൻ
സോദരിമാരെ, പഠിച്ചു നിങ്ങൾ?
- ആരുടെ വരികൾ? ഒരാസ്വാദനക്കുറിപ്പെഴുതുക.

അല്ലെങ്കിൽ

(b) പാവനമാമീശ്വരന്നദീവീചിയിൽ
പ്പായ നിവർത്തിയ കൊച്ചുകേവഞ്ചിയിൽ
പൂർണ്ണചന്ദ്രോദയ വേളയിൽ മന്മനം
പൂർണമാകുന്നു സ്മരണതൻ വീർപ്പിനാൽ
- ആശയം വിശദമാക്കുക.

6. (a) ദുഃഖചിന്തേ, മതിമതി, യേവം
ഞെക്കിടായ്ക നീയെൻ മൃദുചിത്തം?
ഇസ്സുദിനത്തിലെങ്കിലുമല്പം
വിശ്രമിക്കാനെനിക്കുണ്ടുമോഹം
- ആർക്കാണീ മോഹം? വിശദമാക്കുക.

അല്ലെങ്കിൽ

(b) ''വന്ദനം സനാതനാനുക്ഷണവികസ്വര-
സുന്ദര പ്രപഞ്ചാദികന്ദമാം പ്രഭാവമേ!
നിന്നിൽ നീ കുരുക്കുന്നു, നിന്നിൽ നീ വിടരുന്നു
നിൻ നിസ്സർഗ്ഗാവിഷ്ക്കാര കൗതുകമനാദ്യന്തം'' - ആശയം വിശദമാക്കുക.

7. (a) 'എന്നിലെക്കന്യകാത്വത്തെ
നശിപ്പിച്ച നരാധമ,
നീ മരിക്കും, നിനക്കെന്നിൽ
ജ്ജനിക്കും പെൺകിടാവിനാൻ'
- ആരുടെ വാക്കുകൾ? സന്ദർഭവും ആശയവും വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) 'ഗാന്ധിയും ഗോഡ്സേയും' എന്ന കവിത മുന്നോട്ടുവയ്ക്കുന്ന ആശയം വിശദമാക്കുക.

**(7 × 3 = 21 Marks)**

II. നന്നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) മലയവിലാസം മലയാളകവിതയുടെ ചരിത്രത്തെ രണ്ടായി വിഭജിച്ചുകൊണ്ട് നിലനിൽക്കുന്നു എന്നു പറയാൻ കാരണമെന്ത്?

അല്ലെങ്കിൽ

(b) മഹാകാവ്യമെന്ന നിലയിൽ രാമചന്ദ്രവിലാസത്തിന്റെ സവിശേഷതകളെന്തെല്ലാം?

9. (a) നളിനിയിലൂടെയാണ് 'സ്നേഹഗായകൻ' എന്ന വിശേഷണം ആശാനു ലഭിച്ചത് എന്ന അഭിപ്രായം വിലയിരുത്തുക.

അല്ലെങ്കിൽ

(b) 'ഉച്ചസ്ഥായിയിലുള്ള രോദനമല്ല; ആത്മാവിന്റെ വിങ്ങിപ്പൊട്ടലാണ് വിലാപകാവ്യങ്ങളിൽ മുഴങ്ങുന്നത്' - കണ്ണുനീർത്തുള്ളിയെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.



gswcentrallibrary.in

10. (a) പ്രത്യാശയുടെയും മുക്തിയുടെയും പ്രതീകമാണ് കുരിശ് - സിസ്റ്റർ മേരി ബനീഞ്ജയുടെ കവിതകളിൽ ഈയൊരു പ്രത്യാശ കാണുന്നുണ്ടോ? ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) ഇടശ്ശേരിക്കവിത 'അകാൽപ്പനിക'മാണെന്ന അഭിപ്രായം 'പണിമുടക്ക'ത്തെ അടിസ്ഥാനമാക്കി വിലയിരുത്തുക.

11. (a) വൈലോപ്പിള്ളിയുടെ പാരമ്പര്യസങ്കല്പം വിലയിരുത്തുക.

അല്ലെങ്കിൽ

(b) പി. ഭാസ്കരൻ, വയലാർ, ഒ.എൻ.വി. എന്നിവരെ മാറ്റൊലിക്കവികൾ എന്നു വിലയിരുത്തിയതെന്തുകൊണ്ട്? വിശദമാക്കുക.

12. (a) സുഗതകുമാരിയുടെ കാവ്യലോകത്തെ രണ്ടു ഘട്ടങ്ങളായി വിഭജിക്കാനാവും എന്ന പ്രസ്താവന വിലയിരുത്തുക.

അല്ലെങ്കിൽ

(b) ആറ്റൂർ രവിവർമ്മയുടെ രചനാലോകം ആധുനികതയെ പ്രതിനിധീകരിക്കുന്നു എന്നു പറയാൻ കാരണമെന്ത്? വിശദമാക്കുക.

**(5 × 6 = 30 Marks)**

III. **അയ്യഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) മലയാളത്തിലെ സമസ്യാപൂരണങ്ങൾ, കവിതക്കത്ത്, ബാലകവിത, മുക്തകങ്ങൾ എന്നിവയുടെ സാഹിത്യദൗത്യമെന്ത്? വിശദമാക്കുക.

അല്ലെങ്കിൽ

(b) ചട്ടമ്പിസ്വാമികളുടെയും ശ്രീനാരായണഗുരുവിന്റെയും രചനകളെ പാഠഭാഗത്തിന്റെ അടിസ്ഥാനത്തിൽ താരതമ്യം ചെയ്യുക.

14. (a) കാല്പനിക ഭാവുകത്വത്തെ രണ്ടുതരത്തിൽ അടയാളപ്പെടുത്തിയവരാണ് ആശാനും വള്ളത്തോളും - ഈ അഭിപ്രായം വിലയിരുത്തുക.

അല്ലെങ്കിൽ

(b) പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ മലയാളത്തിലെ കവയിത്രികളുടെ രചനാസവിശേഷതകൾ വിശദമാക്കുക.

15. (a) കാല്പനികതയുടെ ഔന്നിത്യത്തിലാണ് മലയാളത്തിൽ ചങ്ങമ്പുഴയുടെ സ്ഥാനം - വിശദീകരിക്കുക.

അല്ലെങ്കിൽ

(b) മലയാളത്തിലെ ആധുനികകവിതയുടെ സ്വഭാവങ്ങളെന്തെല്ലാം? വിവരിക്കുക.

**(3 × 8 = 24 Marks)**

---

gcwcentrallibrary.in

(Pages : 4) **P – 5079**

**Reg. No. : ..............................**

**Name : ..................................**

## Second Semester M.A. Degree Examination, September 2022

## Malayalam Language and Literature

## ML 223 : ഭാരതീയകാവ്യമീമാംസ

## (2019 Admission Onwards)

Time : 3 Hours Max. Marks : 75

gcwcentrallibrary.in

I. ഓരോ ചോദ്യത്തിനും **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

1. (a) മഹിമഭട്ടൻ - കുറിപ്പെഴുതുക.

അല്ലെങ്കിൽ

(b) കാവ്യപ്രയോജനത്തെക്കുറിച്ചുള്ള ഭാരതീയവീക്ഷണങ്ങൾ സംഗ്രഹിക്കുക.

2. (a) സഹൃദയനെക്കുറിച്ചുള്ള ഇന്ത്യൻ വീക്ഷണങ്ങൾ എന്തെല്ലാം?

അല്ലെങ്കിൽ

(b) ജഗന്നാഥ പണ്ഡിതൻ - കുറിപ്പെഴുതുക.

3. (a) ഉരിപൊരുൾ - കരുപ്പൊരുൾ ഇവ എന്തെന്ന് വിശദമാക്കുക.

അല്ലെങ്കിൽ

(b) ഭരതന്റെ രസസൂത്രത്തിന് ഭട്ടലൊല്ലടൻ നൽകിയ വ്യാഖ്യാനം വിവരിക്കുക.

P.T.O.

4. (a) പാശ്ചാത്യസാഹിത്യമീമാംസയുടെ വെളിച്ചത്തിൽ ഇന്ത്യൻ രസപദ്ധതിയെ വിലയിരുത്തുക.

അല്ലെങ്കിൽ

(b) നാട്യശാസ്ത്രം - കുറിപ്പെഴുതുക.

5. (a) അർത്ഥോൽപ്പാദനത്തെക്കുറിച്ച് ഭർതൃഹരിയും സസ്യൂറും മുന്നോട്ടുവെയ്ക്കുന്ന സങ്കൽപ്പനങ്ങളെ താരതമ്യപ്പെടുത്തി വിവരിക്കുക.

അല്ലെങ്കിൽ

(b) ധ്വനിനിരാസവാദങ്ങൾ സംഗ്രഹിക്കുക.

6. (a) രീതിരാത്മാകാവ്യസ്യ - വിശദമാക്കുക.

അല്ലെങ്കിൽ

(b) വൈദർഭി, ഗൗഡീയ, പാഞ്ചാലി - ഈ രീതികളെ പരിചയപ്പെടുത്തുക.

7. (a) രസ-ഭാവ നിവേദനത്തിൽ വൃത്തത്തിനും താളത്തിനും ഉള്ള പങ്ക് പരിശോധിക്കുക.

അല്ലെങ്കിൽ

(b) അലങ്കാരവും ഇമേജറിയും - കുറിപ്പെഴുതുക.

**(7 × 3 = 21 Marks)**

II. ഓരോ ചോദ്യത്തിനും **നാലു** പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

8. (a) ഔചിത്യം ആണ് ഏറ്റവും മികച്ച അലങ്കാരം എന്ന അഭിപ്രായത്തിന്റെ സാംഗത്യം എന്ത്?

അല്ലെങ്കിൽ

(b) ഇന്ത്യൻ സൗന്ദര്യശാസ്ത്രചിന്തകളിൽ ഭരതന്റെ നാട്യശാസ്ത്രത്തിനുള്ള ചരിത്രപരമായ പ്രാധാന്യം വിശദമാക്കുക.

gcwcentrallibrary.in

9. (a) ദ്രാവിഡസൗന്ദര്യശാസ്ത്രപദ്ധതിയുടെ ഭാഗം എന്ന നിലയിൽ തിണസങ്കല്പത്തിന് സാഹിത്യവിമർശനത്തിൽ ഉള്ള പ്രാധാന്യം ഏതെങ്കിലും ഒരു മലയാള കവിതയെ മുൻനിർത്തി വിവരിക്കുക.

അല്ലെങ്കിൽ

(b) രസചിന്തയിലെ സപ്തവിഘ്നങ്ങൾ എന്തെല്ലാം? വിവരിക്കുക.

10. (a) ലക്ഷണയുടെ വ്യത്യസ്ത വിഭാഗങ്ങളെയും അവയുടെ വ്യാപാരങ്ങളെയും പറ്റി വിശദമാക്കുക.

അല്ലെങ്കിൽ

(b) ധ്വനി ഭേദങ്ങളെപ്പറ്റി വിവരിക്കുക.

11. (a) പാശ്ചാത്യരുടെ ശൈലീചിന്ത വാമനന്റെ രീതിസങ്കല്പവുമായി ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) അലങ്കാരങ്ങളുടെ വർഗ്ഗീകരണത്തെപ്പറ്റി വിവരിക്കുക.

12. (a) ഇന്ത്യൻ കാവ്യശാസ്ത്രത്തിലെ കാവ്യദോഷവിചാരങ്ങളെ വിലയിരുത്തുക.

അല്ലെങ്കിൽ

(b) ദ്രാവിഡവൃത്തം, സംസ്കൃതവൃത്തം എന്ന തരംതിരിവിന്റെ അടിസ്ഥാനമെന്ത്? സൗന്ദര്യശാസ്ത്രപദ്ധതിയിൽ ഇതിനുള്ള പ്രസക്തിയെന്ത്?

gcwcentrallibrary.in

**(5 × 6 = 30 Marks)**

III. ഓരോ ചോദ്യത്തിനും **അഞ്ചു** പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

13. (a) ആനന്ദവർദ്ധനന്റെ ധ്വനിചിന്തകളെയും പിൽക്കാല കാവ്യശാസ്ത്രത്തിലുള്ള അതിന്റെ സ്വാധീനതകളെയും പറ്റി വിവരിക്കുക.

അല്ലെങ്കിൽ

(b) രസനിഷ്പത്തിയെ സംബന്ധിച്ച ഭരതന്റെ അഭിപ്രായവും അതിനുണ്ടായ വ്യാഖ്യാനങ്ങളും സംഗ്രഹിക്കുക.

14. (a) ദ്രാവിഡ സൗന്ദര്യശാസ്ത്രത്തെ ഒരു സവിശേഷകാവ്യശാസ്ത്രപദ്ധതിയായി കണക്കാക്കാമോ? ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) വക്രോക്തിയാണ് കാവ്യജീവിതം എന്ന കുന്തകന്റെ അഭിപ്രായത്തെ ഇതര കാവ്യശാസ്ത്രപദ്ധതികളുടെ കൂടി വെളിച്ചത്തിൽ വിലയിരുത്തുക.

15. (a) നാട്യശാസ്ത്രത്തെ മുൻനിർത്തി ഇന്ത്യൻ സൗന്ദര്യശാസ്ത്രചിന്തയുടെ സാമൂഹ്യ-സാംസ്കാരിക-വൈജ്ഞാനിക ഭൂമികയെപ്പറ്റി ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) അലങ്കാരത്തെക്കുറിച്ച് ഇന്ത്യൻ കാവ്യചിന്തയിൽ ഉണ്ടായ വ്യത്യസ്ത വീക്ഷണങ്ങളെ സംഗ്രഹിക്കുക.

gcwcentrallibrary.in

**(3 × 8 = 24 Marks)**

(Pages : 4) **P – 5080**

**Reg. No. : .............................**

**Name : ..................................**

## Second Semester M.A. Degree Examination, September 2022

## Malayalam Language and Literature

## ML 224 : സാഹിത്യമീമാംസ - പാശ്ചാത്യം

## (2019 Admission onwards)

Time : 3 Hours Max. Marks : 75

I. **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) നല്ല കലയെയും മഹത്തായ കലയെയും സംബന്ധിച്ച വാൾട്ടർ പേറ്ററിന്റെ വിശദീകരണമെന്ത്?

അല്ലെങ്കിൽ

(b) ടോൾസ്റ്റോയിയുടെ അഭിപ്രായത്തിൽ കലയുടെ ധർമ്മം എന്താണ്?

2. (a) 'മിമിസിസ്' എന്ന ആശയം വിശദീകരിക്കുക.

അല്ലെങ്കിൽ

(b) കുറിപ്പെഴുതുക : മേൽപ്പുര - അടിത്തറ.

3. (a) കവിതയ്ക്കു നേരെ പ്ലാറ്റോ ഉയർത്തുന്ന പ്രധാന ആരോപണങ്ങളെന്തെല്ലാം?

അല്ലെങ്കിൽ

(b) ഹോരസ്സ് കവികൾക്ക് നൽകുന്ന ഉപദേശങ്ങളെന്തെല്ലാം?

gcwcentrallibrary.in

4. (a) ആവിഷ്ക്കാരത്തെയും അന്തർജ്ഞാനത്തെയും കുറിച്ച് ക്രോച്ചേയുടെ ഉപദർശനങ്ങൾ എന്തെല്ലാമാണ്?

അല്ലെങ്കിൽ

(b) ഭാവനയെക്കുറിച്ചുള്ള കോൾറിജ്ജിന്റെ ആശയങ്ങൾ സംഗ്രഹിക്കുക.

5. (a) സറിയലിസം എന്നാലെന്ത്? കുറിപ്പെഴുതുക.

അല്ലെങ്കിൽ

(b) അസ്തിത്വവാദം ഒരു കലാപ്രസ്ഥാനമല്ല, ജീവിതവീക്ഷണമാണ് - വിശദീകരിക്കുക.

6. (a) ആർക്കിടൈപ്പുകൾ എന്നാൽ എന്ത്? വിശദീകരിക്കുക.

അല്ലെങ്കിൽ

(b) നവചരിത്രവാദത്തെപ്പറ്റി ഒരു കുറിപ്പെഴുതുക.

7. (a) അൽത്തൂസറിന്റെ പ്രത്യയശാസ്ത്രം എന്ന പരികല്പനയെ വിശകലനം ചെയ്യുക.

അല്ലെങ്കിൽ

(b) എലെൻ ഷോവാൾട്ടർ മുന്നോട്ടുവെച്ച ചിന്തകളുടെ പ്രസക്തി വിശദീകരിക്കുക.

gcwcentrallibrary.in

**(7 × 3 = 21 Marks)**

II. **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) ലോംഗിനിസസ്സിന്റെ ഉദാത്തതാവാദത്തെ പരിചയപ്പെടുത്തുക.

അല്ലെങ്കിൽ

(b) കാവ്യഭാഷയെക്കുറിച്ചുള്ള ഡാന്റെയുടെയും വേർഡ്സ്വർത്തിന്റെയും അഭിപ്രായങ്ങളെ വിമർശനാത്മകമായി വിശകലനം ചെയ്യുക.

9. (a) നിയോ ക്ലാസ്സിക്ക് കാലഘട്ടത്തിലെ സാഹിത്യസങ്കല്പങ്ങളെപ്പറ്റി ചുരുക്കി വിവരിക്കുക.

അല്ലെങ്കിൽ

(b) റിയലിസത്തിന്റെയും നാച്ചുറലിസത്തിന്റെയും സാഹിത്യതത്ത്വചിന്തകളെ താരതമ്യാത്മകമായി അപഗ്രഥിക്കുക.

10. (a) പാരമ്പര്യത്തെയും പ്രതിഭയെയും സംബന്ധിച്ച ടി.എസ്. എലിയറ്റിന്റെ കാഴ്ചപ്പാടുകൾ വിശകലനം ചെയ്യുക.

അല്ലെങ്കിൽ

(b) മനഃശാസ്ത്ര സിദ്ധാന്തങ്ങളെ എങ്ങനെയാണ് ഐ.എ. റിച്ചാർഡ്സ് സാഹിത്യനിരൂപണത്തിലേക്ക് സന്നിവേശിപ്പിക്കുന്നത്? വിശദീകരിക്കുക.

11. (a) ദറീദയുടെ അപനിർമ്മാണത്തെ അവതരിപ്പിച്ചുകൊണ്ട് സാഹിത്യനിരൂപണത്തിൽ അതിനുള്ള പ്രയോഗസാധ്യതകളെ പരിചയപ്പെടുത്തുക.

അല്ലെങ്കിൽ

(b) ഒരു സാഹിത്യവിമർശനപദ്ധതി എന്ന നിലയിൽ ശൈലീവിജ്ഞാനത്തിന്റെ പ്രായോഗികത പരിശോധിക്കുക.

12. (a) സാഹിത്യസൈദ്ധാന്തികൻ എന്ന നിലയിൽ പാശ്ചാത്യസാഹിത്യതത്ത്വചിന്തയിൽ മാത്യു അർനോൾഡിന്റെ സ്ഥാനം അടയാളപ്പെടുത്തുക.

അല്ലെങ്കിൽ

(b) ഇംപ്രഷണിസം, എക്സ്പ്രഷണിസം, സിമ്പോളിസം എന്നീ പ്രസ്ഥാനങ്ങളെ വ്യവച്ഛേദിച്ച് വിശദീകരിക്കുക.

**(5 × 6 = 30 Marks)**

gcvcentrallibrary.in

III. **അഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) ട്രാജഡിക്ക് കലകളിൽ അരിസ്റ്റോട്ടിൽ നല്കുന്ന സ്ഥാനമെന്ത്? അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ ട്രാജഡിയുടെ ഘടകങ്ങളേതെല്ലാം? വിവരിക്കുക.

അല്ലെങ്കിൽ

(b) സാഹിത്യവിമർശനശാഖയുടെ പ്രോദ്ഘാടകർ എന്ന നിലയിൽ പ്ലാറ്റോയേയും അരിസ്റ്റോട്ടിലിനേയും അടയാളപ്പെടുത്തുക.

14. (a) ആധുനികതയെയും ഉത്തരാധുനികതയെയും വ്യവച്ഛേദിക്കുന്നതെങ്ങനെ? ഉപന്യസിക്കുക.

അല്ലെങ്കിൽ

(b) മാർക്സിയൻ തത്ത്വചിന്തയ്ക്ക് സാഹിത്യനിരൂപണത്തിലുള്ള പ്രസക്തിയെന്ത്? ചർച്ച ചെയ്യുക.

15. (a) അധികാരത്തോടുള്ള പ്രതിരോധം എന്ന നിലയിൽ നവസംസ്കാരപഠനങ്ങളെ വിലയിരുത്തുക.

അല്ലെങ്കിൽ

(b) ഘടനാവാദ-ഉത്തരഘടനാവാദ സമീപനങ്ങളെക്കുറിച്ച് ഉപന്യസിക്കുക.

**(3 × 8 = 24 Marks)**

gcwcentrallibrary.in